## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1452 — 12.07.2011 ൽ മറുപടിയ്ക്ക്

### സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നടപടി

**ചോദ്യം**

ശ്രീ. എ.എ. അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

**ഉത്തരം**

ശ്രീ.കെ.എം.മാണി
( ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉയർന്ന പലിശയ്ക്ക് പണം കടം നൽകുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ | (എ) (ബി) & (സി) | കേരളത്തിലെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കമ്പനി ആക്ട് , റിസർവ് ബാങ്ക്ആക്ട്, ചിട്ടിആക്ട്, കേരള മണിലെൻഡേഴ്സ് ആക്ട്എന്നീ വിവിധ നിയമങ്ങൾ മുഖേനയാണ്. മേൽ വിവരിച്ച എല്ലാ നിയമങ്ങളെയും സംബന്ധിച്ച് ആ നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള അധികാരിയും പോലീസും ആണ് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയില്ലാതെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം , ടി നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കേണ്ടത്.<br><br>കേരളത്തിലെ മണിലെൻഡർമാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് കേരള മണിലെൻഡേഴ്സ് ആക്ട് ,1958, ടി നിയമപ്രകാരം നിർമ്മിച്ച ചട്ടങ്ങൾ എന്നിവ മുഖേനയാണ്. മണിലെൻഡർമാർ കേരള മണിലെൻഡേഴ്സ് ആക്ട് 3-ാം വകുപ്പ് പ്രകാരം ലൈസൻസ് എടുക്കേണ്ടതും, 4-ാം വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള ലൈസൻസ് ഫീ ഒടുക്കേണ്ടതും, സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതുമാണ് . പ്രസ്തുത നിയമത്തിന്റെ 17-ാം വകുപ്പ് പ്രകാരം ലൈസൻസില്ലാതെയോ ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായോ പ്രവർത്തിക്കുകയാണെങ്കിൽ 3 മാസം മുതൽ 3 വർഷം വരെ തടവോ 50,000/- രൂപ പിഴയോ കോടതികൾക്ക് ശിക്ഷവിധിക്കാവുന്നതാണ് |
| (ബി) | സംസ്ഥാനത്ത് വ്യാപകമാകുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇവയുടെ പ്രവർത്തനത്തിനായി നികുതിയോ രജിസ്ട്രേഷൻ ഫീസോ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കേരള മണിലെൻഡേഴ്സ് ആക്ട്,1958, പ്രകാരം ബാങ്കുകൾ ഈടാക്കുന്നതിൽ നിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടില്ല. പ്രസ്തുത വകുപ്പിന്റെ പ്രൊവിസോ പ്രകാരം, കാലാകാലങ്ങളിൽ ഗവൺമെന്റ് വിജ്ഞാപന പ്രകാരം പലിശയുടെ നിരക്ക് തീരുമാനിക്കാവുന്നതാണ്. അപ്രകാരം എസ്.ആർ.ഒ255/2005, 11.03.2005 തീയതിയിലെ ഗവൺമെന്റ് വിജ്ഞാപന പ്രകാരം പലിശ ഈടാക്കാവുന്നത് 12 ശതമാനമായി നിശ്ചയിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതി WP(C) No.11891 of 2005(N) 14.02.2007-ലെ വിധിപ്രകാരം ടി വിജ്ഞാപനം ഭാഗികമായി അസ്ഥിരപ്പെടുത്തുകയുണ്ടായി. പ്രസ്തുത വിധിപ്രകാരം ഇപ്പോൾ 12% എന്ന നിരക്ക് നിലവിലില്ല. എന്നാൽ നിരക്ക് കൊമേഴ്സ്യൽ ബാങ്ക്ഈടാക്കുന്ന നിരക്കിൽ നിന്നും 2 ശതമാനത്തിൽ കൂടുതൽ അധികരിക്കാൻ പാടുള്ളതല്ല. ഈ വ്യവസ്ഥ ലംഘിച്ചാൽ പിഴയോ പ്രോസിക്യൂഷൻ നടപടിയോ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് എത്ര സ്വകാര്യ ബാങ്കുകൾ നിക്ഷേപകരെ കബളിപ്പിച്ചു കൊണ്ട് പൂട്ടി എന്ന് വ്യക്തമാക്കുമോ; | (ഡി) | വിവരം ശേഖരിച്ച് വരുന്നു |
| (ഇ) | ഇത്തരം സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നിക്ഷേപകരെ കബളിപ്പിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | കേരളത്തിൽ ബാങ്കിതര സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കു ന്നതിലേക്കായി ഒരു സമഗ്രനിയമം, കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ്സ് ഓഫ് ഡെപ്പോസിറ്റേഴ്സ് ( ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്) എന്ന കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ് |

Chandrika

സെക്ഷൻ ഓഫീസർ